# ഇടുക്കിയുടെ ഇമശ്രീ

കാർഷിക മേഖലയിലും മൃഗസംരക്ഷണ മേഖലയിലും പ്രവർത്തിക്കുന്ന ഉത്പാദകരെ ഒരുമിച്ച് ചേർത്ത് രൂപീകരിക്കുന്ന സംഘങ്ങളാണ് പ്രൊഡ്യൂസർ കമ്പനികൾ. ഇങ്ങനെയുള്ള പ്രൊഡ്യൂസർ കമ്പനികളുടെ രൂപീകരണം വഴി നിരവധി ഗുണഫലങ്ങളാണ് ഉത്പാദകർക്ക് ലഭിക്കുന്നത്. ഉത്പാദന പ്രക്രിയയ്ക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ഒരുമിച്ച് വാങ്ങുമ്പോൾ ലഭ്യമാകുന്ന വിലയിളവ്, ഇടനിലക്കാരെ തീർത്തും ഒഴിവാക്കി ഉപഭോക്താക്കളിലേക്ക് ഉത്പന്നങ്ങൾ എത്തിക്കുമ്പോൾ ലഭിക്കുന്ന മികച്ച വരുമാനം എന്നിവ ഇവയിൽ ചിലത് മാത്രം. അതേസമയം പ്രൊഡ്യൂസർ കമ്പനികളുടെ ഉപഭോക്താക്കൾക്കും നേട്ടങ്ങളുണ്ട്. ഉത്പാദകരിൽ നിന്ന് തന്നെ ഉത്പന്നങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാകുന്നു. മാത്രവുമല്ല ഉത്പാദകരെ അറിഞ്ഞ് ഗുണനിലവാരമുള്ള ഉത്പന്നങ്ങൾ വാങ്ങാനും കഴിയുന്നു. പ്രൊഡ്യൂസർ കമ്പനികൾ രൂപീകരിക്കുന്നത് വഴി ഒരേ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ഉത്പാദനം നടത്താനും കൂടുതൽ വരുമാനം നേടാനും കഴിയും. അങ്ങനെ സുസ്ഥിരമായ വരുമാനവും പ്രൊഡ്യൂസർ കമ്പനികൾ വഴി കുടുംബശ്രീ ഉത്പാദകർക്ക് ഉറപ്പുവരുത്തുന്നു. നബാർഡുമായി സഹകരിച്ചാണ് കുടുംബശ്രീ ഈ പദ്ധതി നടപ്പാക്കുന്നത്.

സമാന സ്വഭാവമുള്ള സംരംഭങ്ങളുടെ കൂട്ടായ്മ രൂപീകരിക്കുന്നതിലൂടെ കൂടുതൽ ഉത്പാദനം സാധ്യമാകുന്നു. ഓരോ സംരംഭകനും ഒറ്റയ്ക്ക് വാങ്ങാൻ കഴിയാത്ത മെഷീനറികൾ ഒരുമിച്ച് വാങ്ങി പൊതുസേവന കേന്ദ്രത്തിൽ സ്ഥാപിച്ച് ആവശ്യാനുസരണം ഏവർക്കും ഉപയോഗിക്കാനും കഴിയും. കൂടുതൽ ഫണ്ടുകളും ലോണുകളും നേടിയെടുക്കാനും ബ്രാൻഡിങ്, സപ്ലൈ ചെയിൻ, കയറ്റുമതി എന്നിങ്ങനെ കമ്പനിക്ക് വികസനമുണ്ടാകുകയും ചെയ്യും. ഉത്പാദകർ തന്നെയാണ് പ്രൊഡ്യൂസർ കമ്പനിയുടെ അംഗങ്ങൾ.

## പ്രൊഡ്യൂസർ കമ്പനിയുടെ ലക്ഷ്യങ്ങൾ

- കാർഷിക- മൃഗസംരക്ഷണ മേഖലയിലെ ഉത്പാദനം, സംഭരണം, ഗുണനിലവാരം എന്നിവ ഉറപ്പുവരുത്തൽ

- ഉത്പാദക കൂട്ടായ്മയെ ശക്തിപ്പെടുത്തൽ, മാർക്കറ്റിങ്, വിപണനം
- കർഷകർക്ക് സ്ഥിരമായ വരുമാനം
- മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ഉത്പാദനവും അതുവഴിയുള്ള അധിക വരുമാനവും
- ഉപഭോക്താവിന് ന്യായവിലയ്ക്ക് ഉത്പന്നങ്ങൾ ലഭ്യമാക്കൽ
- ഉത്പാദവനും വിപണനവും ഫലപ്രദമാക്കുന്നതിലൂടെ പ്രാദേശികമായ സാമ്പത്തിക വികസനം

**<u>കർഷകർക്ക് പ്രൊഡ്യൂസർ കമ്പനി വഴിയുണ്ടാകുന്ന നേട്ടങ്ങൾ</u>**

- പ്രൊഡ്യൂസർ കമ്പനികൾ മുഖേന ഗുണനിലവാരമുള്ള വിത്തുകൾ, വളം, കാർഷിക ഉപകരണങ്ങൾ, ജൈവ കീടനാശിനികൾ, മൃഗസംരക്ഷണത്തിന് മൃഗഡോക്ടറുടെ സേവനം, കൃഷിക്കാവശ്യമായ സാമ്പത്തിക പിന്തുണ, സാങ്കിതേക സഹായം, വിളകൾ ക്ക് ഇൻഷ്വറൻസ്, ഉത്പന്ന സമാഹരണം, ഫലപ്രദമായ മാർക്കറ്റിങ്, വിപണനം
- പ്രൊഡ്യൂസർ കമ്പനിയിൽ അംഗത്വമുള്ള കർഷകർക്ക് എല്ലാ വർഷവും നിശ്ചിത ശതമാനം ലാഭം
- ഉത്പാദനത്തിന് അനുസൃതമായി ഡിവിഡന്റ്
- ചെറുകിട കർഷകർക്കും മികച്ച വരുമാനം

**<u>പ്രൊഡ്യൂസർ കമ്പനികൾ രൂപീകരിക്കുന്ന വിധം</u>**

ഓരോ പ്രദേശത്തും ഏതെങ്കിലും ഒരു നിർദ്ദിഷ്ട മേഖലയിൽ അഥവാ ഉത്പന്നവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സമാന സാമ്പത്തിക, സാമൂഹ്യ പശ്ചാത്തലമുള്ളതും പൊതു ലക്ഷ്യങ്ങളുമുള്ള ചുരുങ്ങിയത് 50 പേരെയെങ്കിലും ഉൾപ്പെടുത്തി അവർക്ക് ബോധവത്ക്കരണവും പരിശീലനവും നൽകുകയെന്നതാണ് ഒരു പ്രൊഡ്യൂസർ കമ്പനിയുടെ രൂപീകരണത്തിലെ ആദ്യ പടി. പിന്നീട് രൂപീകരണവുമായി ബന്ധപ്പെട്ട് അതിന്റെ നിയമാവലിയും ഉദ്ദേശ്യ ലക്ഷ്യങ്ങളും ചിട്ടപ്പെടുത്തുക, ഓഫീസ് സജ്ജമാക്കുക, ബോർഡ് അംഗങ്ങളെ തെരഞ്ഞെടുക്കുക, രജിസ്ട്രേഷൻ എന്നീ നടപടികൾ ചെയ്യണം. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭിച്ച ഉടൻ തന്നെ കമ്പനിയുടെ ഭരണപരമായ

കാര്യങ്ങൾ നിർവ്വഹിക്കാൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ നിയമിക്കണം. കമ്പനിയുടെ ചിട്ടയായ പ്രവർത്തനത്തിന് ബിസിനസ് പ്ലാനും തയാറാക്കണം. 1956ലെ കമ്പനീസ് ആക്ട് അനുസരിച്ചാണ് പ്രൊഡ്യൂസർ കമ്പനികൾ രജിസ്ട്രർ ചെയ്യുന്നത്.

കേരളത്തിൽ കുടുംബശ്രീയുടെ അഞ്ച് പ്രൊഡ്യൂസർ കമ്പനികളാണ് ഇന്നുള്ളത്. തെന്നല അഗ്രോ പ്രൊഡ്യൂസർ കമ്പനി, ആലംകോട് അഗ്രോ പ്രൊഡ്യൂസർ കമ്പനി, കണ്ണൂർ ഗോട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി, ബാണ അഗ്രോ പ്രൊഡ്യൂസർ കമ്പനി, ഇമശ്രീ മിൽക്ക് പ്രൊഡ്യൂസർ കമ്പനി എന്നിവയാണിവ.

## ഇടുക്കിയിലെ ഇമശ്രീ

ഇടുക്കി ജില്ലാ മിഷന്റെ പ്രത്യേക പദ്ധതിയായി ആരംഭിച്ച സമഗ്ര ക്ഷീരസാഗരം പദ്ധതിയുടെ ചുവടുപിടിച്ച് ജില്ലയിൽ രൂപീകരിച്ച പ്രൊഡ്യൂസർ കമ്പനിയാണ് ഇമശ്രീ. ഇടുക്കി മിൽക്ക് പ്രൊഡ്യൂസേഴ്സ് അലയൻസ് ഓഫ് കുടുംബശ്രീ (Idukki Milk producers Alliance of kudumbaSHREE) എന്നതിന്റെ ചുരുക്കെഴുത്താണ് ഇമശ്രീ (IMASHREE). കുടുംബശ്രീയും കേരള മൃഗസംരക്ഷണ വകുപ്പും കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡും ജില്ലാ പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും ഒത്തുറിർന്നുള്ള സംയോജനത്തിന്റെ ഫലമായാണ് ക്ഷീരസാഗരം പദ്ധതി 2010ൽ നിലവിൽ വന്നത്.

### ക്ഷീരസാഗരം

ഇടുക്കി ജില്ലയിൽ സ്ത്രീകൾ പൊതുവേ വരുമാനദായകമായ പ്രവർത്തനമായി പിന്തുടർന്നു വരുന്നത് പശു, ആട് വളർത്തൽ എന്നിവയാണ്. ഓരോരുത്തരും ഒറ്റയ്ക്ക് പശുവിനെയും ആടിനെയും വളർത്തി പാലും പാലുത്പന്നങ്ങളും വിറ്റഴിച്ച് മാസം തോറും വരുമാനം നേടും. എന്നാൽ ഇങ്ങനെ വേറിട്ട് പ്രവർത്തിക്കുമ്പോൾ നിരവധി പ്രശ്നങ്ങൾ സ്വയം നേരിടേണ്ടി വരുന്നുവെന്ന് അറിഞ്ഞതും ഇതേ പ്രവർത്തനം സംഘം ചേർന്നായാൽ ഏറെ ലാഭങ്ങളുണ്ടാകുമെന്നുമുള്ള ജില്ലാ മിഷന്റെ ചിന്തയിൽ നിന്നാണ് ക്ഷീരസാഗരം പദ്ധതിക്ക് തുടക്കമാകുന്നത്. നെടുങ്കണ്ടം ബ്ലോക്കിലെ ഏഴ് പഞ്ചായത്തുകളിൽ ഏഴ് വീതം ക്ഷീര കർഷകരുടെ ഗ്രൂപ്പുകൾ രൂപീകരിച്ചു. ഒരു ഗ്രൂപ്പിൽ അഞ്ചംഗങ്ങളായിരുന്നു ഉണ്ടായിരുന്നത്. ആകെ 49 ഗ്രൂപ്പുകളിലായി 245 പേർ. സിഡിഎസ് തലത്തിൽ നിന്ന് അറിയിപ്പ് നൽകി പദ്ധതിയിൽ ഭാഗമാകാൻ താത്പര്യമുള്ളവരെ

കണ്ടെത്തിയായിരുന്നു ഗ്രൂപ്പുകളുടെ രൂപീകരണം.

ഗ്രൂപ്പംഗങ്ങൾക്കെല്ലാം ലൈവ് സ്റ്റോക്ക് ഡിപ്പാർട്ട്മെന്റ് തീറ്റപ്പുൽ കൃഷി അടക്കമുള്ള പശുവളർത്തലുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലും പരിശീലനമേകി. ക്ഷീരസാഗരം പദ്ധതി ചെയ്യുന്ന എല്ലാ അംഗങ്ങളും ഒരു ബയോ ഗ്യാസ് പ്ലാന്റും മോഡൽ കാലിത്തൊഴുത്തും നിർമ്മിച്ചു. ഒരു ഗ്രൂപ്പ് കുറഞ്ഞത് ഒരേക്കറിലെങ്കിലും തീറ്റപ്പുൽ കൃഷിയും ചെയ്യുന്നു. അംഗങ്ങൾക്കെല്ലാം രണ്ട് വീതം പശുക്കളെയും കുടുംബശ്രീയുടെ മേൽനോട്ടത്തിൽ വാങ്ങി നൽകി. ഓരോ ഗ്രൂപ്പും രണ്ട് ലക്ഷം വീതം തുക നെടുങ്കണ്ടം എസ്ബിഐയിൽ നിന്ന് ലോൺ എടുത്താണ് ഈ തുക കണ്ടെത്തിയത്. ഗ്രാമീണ മേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾക്കുള്ള സബ്സിഡിയായ 50000 രൂപ കുടുംബശ്രീ ഓരോ ഗ്രൂപ്പിനും നൽകുകയും ചെയ്തു. 2011ൽ നെടുങ്കണ്ടം ബ്ലോക്കിൽ 89 ഗ്രൂപ്പുകൾ കൂടി രൂപീകരിച്ച് ക്ഷീരസാഗരം പ്രവർത്തനം തുടർന്നു. ഇടുക്കി ജില്ലയിലാകെ ഉത്പാദിപ്പിക്കുന്ന പാലിന്റെയും ചാണകം പോലുള്ള ഉപോത്പന്നങ്ങളുടെയും അളവ് കൂടിയതോടെ പദ്ധതി വിജയകരമായി. തുടർന്ന് ഈ പദ്ധതി 2012-13 വർഷങ്ങളിലായി പദ്ധതി ഇടുക്കി ജില്ലയിലാകെ വ്യാപിപ്പിച്ചു. ജില്ലാ പഞ്ചായത്തും കുടുംബശ്രീയും മാത്രമായി ചേർന്നായിരുന്നു ഈ വ്യാപന പ്രക്രിയ നടത്തിയത്. ജില്ലയിലാകെ 100 ഗ്രൂപ്പുകൾ ഇത്തരത്തിൽ രൂപീകരിച്ചു. ജില്ലാ പഞ്ചായത്തിലെ 14 ഡിവിഷനുകളിലായായിരുന്നു ഈ ഗ്രൂപ്പുകൾ രൂപീകരിച്ചത്.

**<u>ക്ഷീരസാഗരം പ്രവർത്തനഘട്ടങ്ങൾ</u>**

1. കോഴിക്കോട് നടന്ന കുടുംബശ്രീയുടെ സമഗ്ര ശിൽപ്പശാല- 18-05-2008
2. ജില്ലാതല ശിൽപ്പസാല നെടുങ്കണ്ടത്ത് - 23-06-08
3. ബ്ലോക്ക് പഞ്ചായത്തുമായി ചർച്ച ചെയ്ത് രൂപരേഖ തയാറാക്കി
4. പ്രൊജക്ടിന് ഡിപിസി അംഗീകാരം- 29-01-09
5. കുടുംബശ്രീയുടെ അംഗീകാരം- 10-06-09

**<u>ഇമശ്രീ- ആശയ രൂപീകരണം</u>**

ക്ഷീരസാഗരം പദ്ധതി വിജയകരമായി മുന്നോട്ട് പോയെങ്കിലും സംഘം ചേർന്നുള്ള പ്രവർത്തനങ്ങൾ കുറഞ്ഞുവന്നു. സംഘം ചേർന്ന് ഉപോത്പന്നങ്ങളുണ്ടാക്കുക അതിൽ നിന്ന് കൂടുതൽ വരുമാനം നേടുക തുടങ്ങിയ ഗുണഫലങ്ങൾ പ്രൊഡ്യൂസർ കമ്പനി

രൂപീകരിക്കുന്നത് വഴി നടപ്പാക്കാൻ കഴിയുമെന്ന് ജില്ലാ മിഷൻ കണക്കുകൂട്ടി. അതനുസരിച്ച് ക്ഷീരസാഗരം പദ്ധതിക്ക് കീഴിലുള്ളവരെ ചേർത്ത് ഒരു പ്രൊഡ്യൂസർ കമ്പനിയെന്ന തീരുമാനത്തിലുമെത്തി.

**തുടക്കം**

ക്ഷീരസാഗരം പദ്ധതി ആദ്യ രണ്ട് ഘട്ടങ്ങളിലും വിജയകരമായി നടപ്പാക്കിയ നെടുങ്കണ്ടം ബ്ലോക്ക് അടിസ്ഥാനമാക്കി തന്നെ ഇമശ്രീ കമ്പനി രൂപീകരിക്കാനായിരുന്നു ജില്ലാ മിഷൻ തീരുമാനിച്ചത്. 2014ൽ നെടുങ്കണ്ടം ബ്ലോക്കിലെ ക്ഷീരകർഷകരെ വിളിച്ചുകൂട്ടി പ്രൊഡ്യൂസർ കമ്പനിയെന്ന ആശയം പങ്കുവച്ചു. ഉടുമ്പൻചോല പഞ്ചായത്തിലൊഴികെയുള്ള ആറ് പഞ്ചായത്തുകളിൽ നിന്നും ഉടുമ്പൻചോല ഒഴികെ രാജകുമാരി, രാജാക്കാട്, സേനാപതി, നെടുങ്കണ്ടം, പമ്പാടുംപാറ, കരുണാപുരം എന്നീ പഞ്ചായത്തുകളിലെ ക്ഷീരകർഷകർ പ്രൊഡ്യൂസർ കമ്പനി രൂപീകരണത്തിനായി താത്പര്യം പ്രകടിപ്പിച്ചു. ഇവർക്ക് അഗ്രികൾച്ചർ ടെക്നോളജി മാനേജ്മെന്റ് ഏജൻസി (ആത്മ) കമ്പനി രൂപീകരണത്തിൽ പരിശീലനം നൽകി.

ഇവരെ പത്ത് മുതൽ പതിനഞ്ച് പേർ വരെ ഉൾപ്പെടുന്ന കമ്മോഡിറ്റി ഇന്ററസ്റ്റ് ഗ്രൂപ്പുകളായി (സിഐജി) തിരിച്ചു. അങ്ങനെ 20 സിഐജികളെ രൂപീകരിച്ചു. അവ ചേർത്ത് ഇമശ്രീ പ്രൊഡ്യൂസർ കമ്പനി രൂപീകരിക്കുകയും രജിസ്ട്രർ ചെയ്യുകയും ചെയ്തു. ഒരാൾ 1000 രൂപ വീതം ഷെയർ ക്യാപ്പിറ്റൽ നൽകിയാണ് ഓരോരുത്തരും കമ്പനിയുടെ ഓഹരി ഉടമകളായത്. ആകെ 232 പേർ നൽകിയ 232000 രൂപയാണ് ആകെ ലഭിച്ച ഷെയർ തുക. 2015 ഓഗസ്റ്റ് 24ന് കമ്പനി രജിസ്ട്രർ ചെയ്തു. 2017 മാർച്ച് 18ന് പ്രൊഡ്യൂസർ കമ്പനിക്ക് ഔദ്യോഗിക തുടക്കമായി.

**ഫണ്ട്**

ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിന് (എൻആർഎൽഎം) കീഴലുള്ള എൻആർഎൽപി (ദേശീയ ഗ്രാമീണ ഉപജീവന പദ്ധതി)യ്ക്ക് കീഴിൽ രണ്ട് ഘട്ടങ്ങളിലായി ലഭിച്ച 27 ലക്ഷം രൂപയാണ് ഈ പ്രൊഡ്യൂസർ കമ്പനിയുടെ രൂപീകരണത്തിന് ഉപയോഗപ്പെടുത്തുന്ന ഫണ്ട്. ആദ്യം അഞ്ച് ലക്ഷം രൂപയും പിന്നീട് 22 ലക്ഷം രൂപയും കുടുംബശ്രീ വഴി ഈ ഫണ്ടിൽ നിന്ന് ഇമശ്രീയ്ക്കായി നൽകി. കൂടെ ഓഹരിക്കായി ലഭിച്ച തുകയും കമ്പനിയുടെ നിക്ഷേപമായി.

**<u>കമ്പനി ഭരണം, പ്രവർത്തന രീതി</u>**

ഡയറക്ടർ ബോർഡിൽ എല്ലാ സിഐജികളെയും പ്രതിനിധീകരിച്ച് ഒരാൾ അംഗമാണ്. അതിൽ നിന്ന് മാനേജിങ് ഡയറക്ടറെയും ചെയർപേഴ്സണെയും തെരഞ്ഞെടുക്കും. മൂന്ന് വർഷമാണ് ഇവരുടെ കാലാവധി. മൂന്ന് മാസം കൂടുമ്പോൾ ജനറൽ ബോഡി കൂടും. എല്ലാ മാസവും ബോർഡ് മീറ്റിങ് കൂടും.

കമ്പനിയുടെ ദൈനംദിന പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ ഒരു ചീഫ് ഓപ്പറേറ്റിങ് ഓഫീസറും അക്കൗണ്ടന്റും കരാർ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നു. മാനേജിങ് ഡയറക്ടറും ഡിഎംസിയും ഉൾപ്പെട്ട ജോയ്ന്റ് അക്കൗണ്ട് വഴിയാണ് കമ്പനിയുടെ സാമ്പത്തിക ഇടപാടുകൾ.

നെടുങ്കണ്ടം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയം ബിൽഡിങ് കോപ്ലെക്സിലാണ് ഇമശ്രീയുടെ ഓഫീസ് പ്രവർത്തിക്കുന്നത്. മാസം 200 രൂപയാണ് വാടക. കേരള ഫീഡ്സ് ഏജൻസി എടുത്ത് കാലിത്തീറ്റ രൊക്കം തുകയ്ക്ക് എടുത്ത് അത് ഇമശ്രീ അംഗങ്ങൾക്ക് മാർക്കറ്റ് റേറ്റിനേക്കാൾ 50 രൂപയെങ്കിലും കുറച്ച് കൊടുക്കും. ഇത് കൂടാതെ പശുക്കൾക്കാവശ്യമായ ശ്രീറാം അസോസിയേറ്റ്സിന്റെ മിൽക്കോ ശക്തി ഹെൽത്ത് സപ്ലിമെന്റുകളും മുറിവിനടിക്കുന്ന സ്കിൻ ക്യുവർ സ്പ്രേയും ഇവിടെ എത്തിച്ച് വിലകുറച്ച് വിൽക്കുന്നു. ആവശ്യം അനുസരിച്ചാണ് ഉത്പന്നങ്ങൾ എടുത്ത് വിൽക്കുന്നത്. ഇ

രാജാക്കാട്, സേനാപതി എന്നിവിടങ്ങളിലേക്ക് കാലിത്തീറ്റ ഇമശ്രീയിൽ നിന്ന് കൊണ്ടെത്തിച്ചു കൊടുക്കും. ശേഷിച്ച സ്ഥലങ്ങളിൽ നിന്നുള്ള ആവശ്യക്കാർ ഇമശ്രീ ഓഫീസിലെത്തി കാലിത്തീറ്റ വാങ്ങും. ഒരു മാസം 250 മുതൽ 300 വരെ ചാക്ക് കാലിത്തീറ്റ ഇമശ്രീ വഴി നൽകുന്നു. 50 കിലോഗ്രാം തീറ്റയാണ് ഒരു ചാക്കിലുള്ളത്. കാലിത്തീറ്റയുടെ വില ഒരു മാസം കാലാവധി കഴിഞ്ഞ് കൊടുത്താൽ മതിയെന്ന സൗകര്യവും ഉപഭോക്താക്കൾക്ക് നൽകുന്നു. ബോർഡ് മീറ്റിങ്ങിൽ തീരുമാനിക്കുന്ന തുകയാണ് കാലിത്തീറ്റയ്ക്ക് ഈടാക്കുന്നത്.

**ഇമശ്രീ വിറ്റുവരവ് (ജനുവരി 2018 വരെ)**

| മാസം | തുക |
|---|---|
| ഏപ്രിൽ | 349750 |
| മേയ് | 262030 |
| ജൂൺ | 46690 |
| ജൂലൈ | 286000 |
| ഓഗസ്റ്റ് | 35560 |
| സെപ്റ്റംബർ | 271700 |
| ഒക്ടോബർ | 133100 |
| നവംബർ | 93000 |
| ഡിസംബർ | 94870 |
| ജനുവരി | 289055 |

**<u>ഭാവി</u>**

- പശു വളർത്തലുമായി ബന്ധപ്പെട്ട എല്ലാവിധ അവശ്യവസ്തുക്കളും ലഭ്യമാക്കുന്ന ഒരു ഷോപ്പ് തുടങ്ങണം.
- വിവിധ കമ്പനികളുടെ കാലിത്തീറ്റകളുടെ ഏജൻസി.
- ചാണകം ഉണക്കി വിൽപ്പന.
- ചില്ലിങ് പ്ലാന്റ് ആരംഭിച്ച് ഒരു ഏകീകൃത ബ്രാൻഡിൽ പാലും പാലുത്പന്നങ്ങളും പുറത്തിറക്കുക.